(ഡി) ഒറ്റപ്പാലം മണ്ഡലത്തിലെ പൂക്കോട്ടുകാവിൽ അനുവദിക്കപ്പെട്ട നന്മ സ്റ്റോറിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല. 2012 ജൂലൈ 9-ന് പ്രസ്തുത സ്റ്റോറിന്റെ ഉദ്ഘാടനം നടത്തുന്ന തീയതിക്കു തൊട്ടുമുമ്പായി പ്രാദേശികമായ ചില ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുകയും തുടർന്ന് നിർദ്ദിഷ്ട തീയതിയിൽ നന്മ സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്ത സാഹചര്യം സംജാതമാകുകയും ചെയ്തിരുന്നു. തൽസ്ഥിതി തുടർന്നതിനാൽ സ്റ്റോർ ആരംഭിക്കുന്നതിന് സജ്ജീകരിച്ച സംവിധാനങ്ങൾ ഉപയോഗ ശൂന്യമായി. നന്മസ്റ്റോറുകളുടെ പ്രവർത്തനം ഫെഡറേഷന് വന്നിച്ച നഷ്ടം വരുത്തിവച്ച സാഹചര്യത്തിൽ നിലവിലുള്ള സാമ്പത്തിക മാന്ദ്യം പരിഗണിച്ച് പുതിയതായി നന്മസ്റ്റോറുകൾ ആരംഭിക്കേണ്ടതില്ല എന്ന കൺസ്യൂമർഫെഡ് തീരുമാനം നിലവിലുള്ളതിനാൽ പൂക്കോട്ടുകാവിൽ നന്മ സ്റ്റോർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ജൈവപച്ചക്കറി ഉത്പാദനം

92 (437) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുവർണ്ണകൈരളി പദ്ധതിയനുസരിച്ച് ജൈവപച്ചക്കറി ഉത്പാദനത്തിനായി മുന്നോട്ടുവന്നിട്ടുള്ള സഹകരണ സംഘങ്ങളെത്രയെന്ന് വിശദമാക്കാമോ ;

(ബി) ആലില പദ്ധതി നടപ്പ് വർഷവും തുടരുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സുവർണ്ണകേരളം പദ്ധതി അനുസരിച്ച് ജൈവപച്ചക്കറി ഉത്പാദനത്തിനായി 598 സഹകരണ സംഘങ്ങൾ മുന്നോട്ട് വന്നിട്ടുണ്ട്.

(ബി) 2014 ഒക്ടോബറിൽ ആരംഭിച്ച ആലില പദ്ധതി 2015 മാർച്ച് 31 വരെ തുടരുകയുണ്ടായി. പദ്ധതിയുടെ കാലാവധി മഴക്കാലത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നുള്ള സഹകാരികളുടെ അപേക്ഷ പരിഗണിച്ച് പദ്ധതിയുടെ കാലയളവ് 2015 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

വില പിടിച്ചുനിർത്തുന്നതിനായി സഹകരണവകുപ്പ് നടത്തുന്ന ഇടപെടലുകൾ

93 (438) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly